II ശ്രദ്ധ ക്ഷണിക്കൽ

1. ഇരിഞ്ഞാലക്കുടയിൽബസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കൽ:

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, മുകുന്ദപുരം താലൂക്കിന്റെ ആസ്ഥാനമായ ഇരിഞ്ഞാലക്കുട ചരിത്രപ്രസിദ്ധവും പുണ്യപുരാതനവുമായ ഒരു പട്ടണമാണ്. ഉണ്ണായിവാര്യരുടെ ജന്മനാടാണ്. നിരവധി കോളേജുകളും, സർക്കാർ ആഫീസുകളും ഇവിടെയുണ്ട്. കേരളത്തിലെ ഏക ഭരതക്ഷേത്രമായ ശ്രീ. കൂടൽ മാണിക്യത്തിൽ നിരന്തരം ആയിരക്കണക്കിന് ഭക്തർ വരുന്നുണ്ട് ഇരിഞ്ഞാലക്കുട രൂപതയുടെ കേന്ദ്രവും ഇവിടെയാണ്. വകുപ്പുമന്ത്രിയുടെ നാടാണ്. ഇരിഞ്ഞാലക്കുട മുനിസിപ്പാലിറ്റിയും, നാട്ടുകാരും ചേർന്ന് സൗജന്യമായി നൽകിയ രണ്ടര ഏക്കർ സ്ഥലത്ത് അഞ്ച് കൊല്ലം മുമ്പ് കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷന് ശിലാസ്ഥാപനം നടത്തി. ഇന്നുവരെ അതിന്റെ പണി ആരംഭിച്ചിട്ടില്ല. എന്നാൽ അതിനുശേഷം ഈ താലൂക്കിലെ അളഗപ്പനഗർ, പുതുക്കാട്, മാള പഞ്ചായത്തുകളിൽ സ്റ്റേഷനുകളം ആരംഭിച്ചു. അത് സന്തോഷമുള്ള കാര്യമാണ്. ആമ്പല്ലൂരും, പുതുപ്പാടും സ്റ്റേഷനുകളം രണ്ട് കി.മീറ്ററിനുള്ളിലാണ്. ഇതെല്ലാം രാഷ്ട്രീയമാണ് ഇരിങ്ങാലക്കുടവഴി തിരുവനന്തപുരത്തേക്ക് ഓടിക്കൊണ്ടിരുന്ന എക്സ്പ്രസ് ബസ്സുപോലും നിർത്തലാക്കി. റയിൽവേസ്റ്റേഷനും, നാഷണൽ ഹൈവേയും ഇവിടെനിന്നും എട്ടും പത്തണ്ടും കി. മീറ്റർ അകലെയാണ്. ജനങ്ങളം വളരെയേറെ കഷ്ടപ്പെടുകയാണ്. അടിയന്തിരമായി ഈ കൊല്ലം തന്നെ ഈ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കണം. ഇരിങ്ങാലക്കുടയിൽ നിന്നും കൂടുതൽ ബസ്സുകളം ആരംഭിക്കണം. രാഷ്ട്രീയ വിരോധം പോക്കാൻ നാട്ടുകരെ ഇനിയും കഷ്ടപ്പെടുത്തരുതെന്ന് ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു പിറന്ന നാടിനോട് അല്പമെങ്കിലും കൂറുണ്ടെങ്കിൽ അങ്ങ് ഇത് ചെയ്യുമെന്ന് എനിക്ക് ഉറപ്പുണ്ട്. ജനങ്ങളം സംഭരിച്ച 26,000 രൂപയും കെ. എസ്. ആർ. ടി. സിയെ. ഏൽപ്പിക്കാൻ ജനങ്ങളം തയ്യാറാണ്. അതുകൊണ്ട് ഈ കൊല്ലം തന്നെ കെ.എസ്.ആർ.ടി.സി. ഇരിങ്ങാലക്കുട ബസ് സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കണം. അവിടെ നിന്നും നിരവധി ബസ്സുകളം ആരംഭിക്കണം. ഇക്കാര്യങ്ങളം ഒരിക്കൽകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, ശ്രീ. നമ്പാടൻ സൂചിപ്പിച്ചതുപോലെ എനിക്ക് ഒരു രാഷ്ട്രീയ വിരോധവും ഈ കാര്യത്തിൽ ഇല്ല. ഞാൻകൂടി ജനിച്ചുവളർന്ന നാടാണ്. അവിടെയൊരു ബസ് സ്റ്റേഷൻ വരികയെന്നുള്ളത് സന്തോഷകരമായ ഒരു കാര്യമാണ്. 23-4-1981-ലും, 4-6-1981-ലും ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി കെ. എസ്. ആർ. ടി. സി ക്ക് എഴുതിത്തന്ന ഒരു കമ്മിറ്റ്മെന്റ്. അതായത് സ്വന്തമായ സ്ഥലം കൂടാതെ തന്നെ അവിടത്തെ മുനിസിപ്പൽ ചെയർമാൻ പ്രസിഡന്റായി നാട്ടുകാരുടെ ഒരു കമ്മിറ്റി രൂപീകരിക്കുകയും ഇതിലേക്ക് രണ്ടു ലക്ഷം രൂപ സംഭാവനയായി പിരിച്ച് നൽകാമെന്നും വാഗ്ദാനമുണ്ടായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോം പറഞ്ഞത് 26,000 രൂപ പിരിച്ചു എന്നാണ്. കണക്കുതന്നെ വ്യക്തമല്ലായെന്ന അവസ്ഥയിലാണ്. അതുപോലെ 4-6-1981-ന് മുനിസിപ്പൽ കമ്മിഷണർ എഴുതിയ ഒരു കത്തിൽ 3-6-1981-ന് കൂടിയ ഒരു യോഗത്തിൽ യുനാനിമസ്സായി എടുത്ത ഒരു തീരുമാനമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

The meeting unanimously decided to inform the K. S. R. T. C. authority that the Action Council is ready to construct three bus guarages for parking three buses and to do the other minimum facilities. The above construction will be started as early as possible after the contribution from the public. The matter is informed for your kind information and taking necessary steps in the matter.

ഈ രണ്ടു കത്തുകളും ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിൽ നിന്നും ലഭ്യമായതിനുശേഷം ഫണ്ട് പിരിവ് എവിടെവരെയായി, കെട്ടിടനിർമ്മാണം എവിടെവരെയായി എന്നുള്ളതിനെക്കുറിച്ച് അതിനുവേണ്ടി നാട്ടുകാർ ഉണ്ടാക്കിയ കമ്മിറ്റിയോ, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയോ കെ. എസ്. ആർ. റ്റി. സി. യെ അറിയിക്കാത്തതുകൊണ്ടാണ് ഇരിങ്ങാലക്കുട ബസ് സ്റ്റേഷൻ ആരംഭിക്കുന്നതിനെക്കുറിച്ചുള്ള നടപടികളും കെ. എസ്. ആർ. ടി. സി ക്ക് എടുക്കാൻ കഴിയാതെപോയത്. ഇതിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഒരു രാഷ്ട്രീയ വിരോധവും, ഇതിനകത്തില്ലായെന്നുള്ളതു തുറന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏതായാലും ബഹുമാനപ്പെട്ട ലോനപ്പൻനമ്പാടൻ തറക്കല്ലിട്ട ഒരു ബസ്സ്റ്റേഷൻ എന്നുള്ള നിലയിൽ—എന്റെ ഓർമ്മ ശരിയാണെങ്കിൽ 1982-ൽ ആണ് [ശ്രീ. ലോനപ്പൻനമ്പാടൻ ആ ബസ്സ്റ്റേഷനു കല്ലിട്ടത്—അതു നടത്താതിരിക്കുന്നതിൽ യാതൊരു രാഷ്ട്രീയ വിരോധവുമില്ല, അതിനു ശാപമോക്ഷം നൽകണമെന്നുതന്നെയാണ്. നാട്ടുകാരൻകൂടിയായ എന്റെ അഭിപ്രായം. കെ. എസ്. ആർ. ടി. സി. യെ സംബന്ധിച്ചിടത്തോളം ചോദ്യോത്തരവേളയിലും ഞാൻ പറഞ്ഞു, സാമ്പത്തിക പരിമിതിമൂലം നമുക്ക് ഡെഡ് ഇൻവെസ്റ്റ്മെന്റ് എന്ന നിലയിൽ പുതിയ കെട്ടിടങ്ങൾ പണിയുവാൻ ബുദ്ധിമുട്ടാണ്. പുതിയ ബസ്സുകൾ വാങ്ങാനും, കട്ടപ്പുറത്തിരിക്കുന്ന ബസ്സുകൾ ഇറക്കാനും ബുദ്ധിമുട്ട് അനുഭവിക്കുന്ന സമയത്ത് ഈ ഡെഡ് ഇൻവെസ്റ്റ്മെന്റ് കെ. എസ്. ആർ. ടി. സി. യെ സംബന്ധിച്ചിടത്തോളം താങ്ങാൻ പറ്റാത്ത ഒരു ഭാരമാണ്. മുൻ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി കല്ലിട്ട ഒരു സ്ഥാപനം എന്ന നിലയിൽ, എന്റെ നാട് എന്നതിനേക്കാളുപരിയായി അദ്ദേഹത്തെ അപമാനിക്കാതിരിക്കാൻവേണ്ടി ഒരു താലൂക്കാസ്ഥാനമെന്നനിലയിൽ ഇരിങ്ങാലക്കുടയിൽ അതുപോലെ വയനാട് ജില്ലയുടെ ആസ്ഥാനമെന്ന നിലയിൽ കല്പറ്റയിലും കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷനുകൾ മാത്രം [പത്യേകപരിഗണിച്ചിതിയിൽ പണിയുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് നിർദ്ദേശം നൽകുന്നതാണെന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു.

ഇരിങ്ങാലക്കുടയിൽനിന്നും ഉണ്ടായിരുന്ന എക്സ്പ്രസ് ബസ് കോട്ടപ്പുറം പാലങ്ങളുടെ പണി പൂർത്തിയായപ്പോൾ ആ ബസ് ആ വഴിക്ക് തിരിച്ചുവിട്ടു എന്നേയുള്ളൂ. കഴിഞ്ഞ ഒരു ദിവസം ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിന്. മറുപടിയായി പറഞ്ഞു, ഇരിങ്ങാലകുടനിന്ന് കല്ലേറിൻകര-ആളൂർ കോട്ടവഴി തിരുവനന്തപുരത്തേക്ക് ഒരു സർവ്വീസ് തുടങ്ങാൻ പോകുന്നുണ്ട്. പുതിയ ബസ് കിട്ടിയാൽ ഉടൻ തന്നെ സർവ്വീസ് ദസ്യും ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ലോനപ്പൻനമ്പാടൻ : അന്നത്തെ വ്യവസ്ഥ അനുസരിച്ച് മുനിസിപ്പാലിറ്റിയും, നാട്ടുകാരും ചേർന്ന് രണ്ടര ഏക്കർ സ്ഥലം കൊടുത്തു, രണ്ട് ലക്ഷം രൂപ പിരിച്ചുകൊടുക്കാമെന്ന് ആരും പറഞ്ഞിട്ടില്ല; ആരും രേഖാമൂലം എഴുതിയിട്ടുമില്ല. ഇത് രാഷ്ട്രീയ പകപോക്കലാണ്. ആമ്പല്ലൂർ,

LIBRARY ARCHIVES Kerala Legislative Assembly

പുതുക്കാടും, മാളയിലും പഞ്ചായത്തുകളിൽ ഈ വ്യവസ്ഥകളൊന്നും പാലിക്കാതെതന്നെ അവിടെയൊക്കെ ട്രാൻസ്പോർട്ട് ബസ്സ്റ്റേഷനുകൾ ആരംഭിച്ചു. അതുകൊണ്ടാണ് ഇത് രാഷ്ട്രീയ പകപോക്കലാണെന്ന് ഞാൻ പറഞ്ഞത്. പുതുക്കാടും, ആമ്പല്ലൂരും രണ്ട് കിലോമീറ്ററിനകത്ത് രണ്ട് ട്രാൻസ്പോർട്ട് സ്റ്റേഷനുകൾ ആരംഭിച്ച നടപടിയാണ് ഈ സർക്കാർ കൈക്കൊണ്ടത്. അതുകൊണ്ട് മുകുന്ദപുരം താലൂക്കിന്റെ ആസ്ഥാനമായ ഇരിങ്ങാലക്കുടയിൽ വളരെയേറെ പ്രധാന്യമുള്ള സ്ഥലത്ത് ട്രാൻസ്പോർട്ട് സ്റ്റേഷൻ ഉടൻതന്നെ ആരംഭിക്കണമെന്ന് മന്ത്രി ഇവിടെ ഉറപ്പു തരേണ്ടതാണ്.

ശ്രീ. പി. കെ. വേലായുധൻ : കഥയറിയാതെ ശ്രീ. നമ്പാടൻ ആട്ടം കാണുകയാണ്, A Local Bus Station Action Council has been constituted with the Municipal Chairman Shri M. P. Kochudevassia as President. The Committee unanimously resolves to collect a sum of Rupees Two Lakhs as public contribution and to take urgent step for filling up the road level and also to construct the semi-permanent shed.

സർ, ഇത് ശ്രീ. ലോനപ്പൻനമ്പാടൻ മന്ത്രിയായിരുന്നപ്പോഴും അദ്ദേഹം കൂടി കണ്ട ഫയലാണ്. ഇത് എന്നെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയ പകപോക്കലായിട്ട് അദ്ദേഹം ചിത്രീകരിക്കുന്നത് തെറ്റാണ്. ഈ സഭയുടെ മേശപ്പുറത്ത് ഞാൻ ഈ ഫയൽ വയ്ക്കാൻ തയ്യാറാണ്.

ശ്രീ. ലോനപ്പൻനമ്പാടൻ : മണ്ണിട്ടുനികത്താനും, റോഡ് നിരപ്പാക്കാനും വേണ്ടിയാണ് ആ കാശ്.

(2) കല്ലട ജലസേചന പദ്ധതിയുടെ ആയക്കെട്ടു ഏരിയായിൽ നിന്നും കുടിഒഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, കല്ലട ജലസേചന പദ്ധതിയുടെ ആയക്കെട്ട് പ്രദേശത്ത് താമസിച്ചിരുന്ന 500-ഓളം കുടുംബങ്ങളെ ഗവൺമെന്റ് തന്നെ നേരിട്ട് കുടിയൊഴിപ്പിച്ച്, എന്റെ നിയോജകമണ്ഡലത്തിൽ കുളത്തൂപ്പുഴ കല്ലുവെട്ടാംകുഴി എന്ന സ്ഥലത്ത് മാറ്റിപാർപ്പിച്ചിരിക്കുകയാണ്. കല്ലട ജലസേചന പദ്ധതിയെന്നു പറയുമ്പോൾ നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയൊരു ജലസേചന പദ്ധതിയാണ്. 13 കോടി രൂപ അടങ്കലിൽ 1964-ൽ തുടങ്ങിയ പദ്ധതി, 1986-ൽ 200 കോടി രൂപ മുടക്കി ഭാഗികമായി കമ്മീഷൻ നടത്തിയിരിക്കുകയാണ്. 1964-ൽ 13 കോടി രൂപ അടങ്കലിൽ ഈ പദ്ധതി തുടങ്ങുന്നതിനു വളരെ വർഷങ്ങൾക്ക് മുമ്പ് ഏകദേശം 100 വർഷങ്ങൾക്കു മുമ്പ് ഈ കല്ലട ജലസേചന പദ്ധതിയുടെ ആയക്കെട്ടു പ്രദേശത്ത് കുടിൽക്കെട്ടി കൃഷിചെയ്ത് ദേഹണ്ഡങ്ങൾ നട്ടുപിടിപ്പിച്ച് ജീവിച്ചു വന്നിരുന്ന പാവപ്പെട്ട 500-ഓളം കുടുംബങ്ങൾ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ തുടങ്ങിയപ്പോൾ ഗവൺമെന്റ് മാറ്റി പാർപ്പിക്കാൻ തീരുമാനിച്ചു. ആ തീരുമാനമെടുത്ത അവസരത്തിൻ ഗവൺമെന്റിന്റെ പക്കൽ ഇവർക്ക് പകരമായി കൊടുക്കാൻ ഭൂമിയില്ലായിരുന്നു. ഒഴിഞ്ഞുമാറി കൊടുക്കാനില്ലാത്ത പശ്ചാത്തലത്തിൽ കുളത്തൂപ്പുഴയിൽ കല്ലുവെട്ടാംകുഴി

LIBRARY ARCHIVES Kerala Legislative Assembly